# യേശുവിനെ ഞാൻ കണ്ടപ്പോൾ

പി. സി. ചെറിയാൻ, വെച്ചൂച്ചിറ

1984 ജൂലൈ 24, മേഘപാളികളെ കീറി മുറിച്ചുകൊണ്ട് സൂര്യകിരണങ്ങൾ ഭൂമുഖത്ത് പതിച്ചു തുടങ്ങി മന്ദമാരുതൻ മലർമൊട്ടുകളെ തലോടി, പക്ഷികളുടെ കളകളാരവം കേട്ടു തുടങ്ങി. പ്രശാന്ത സുന്ദരമായ ആ പ്രഭാതം വരവായി. കുട്ടികളുടെ കോലാഹലങ്ങൾ കേൾക്കുന്നു. എങ്ങും ഒരു നവ ചൈതന്യത്തിന്റെ ഉന്മേഷം പാപത്തിന്റെ കരാള ഹസ്തങ്ങളിൽ ആണ്ടിരുന്ന കാർമേഘ പടലിതമായ എന്റെ ജീവിതത്തിന്റെ പാപക്കറകളെ കാലിത്തൊഴുത്തിൽ പിറന്ന് കാൽവറിയുടെ കൽത്തളങ്ങളിൽ കാരിരുമ്പാണികളാൽകായവഹിതനായ കർത്താവിന്റെ കരുണാരസത്തിൽ കഴുകി നീക്കുവാൻ ആ നീതിസൂര്യനുകഴിഞ്ഞു. ആ നല്ല സുദിനം ഇന്നലെ എന്നപോലെ എന്റെ മനോമുഖരത്തിൽ. ഇന്നു പ്രതിബിംബിയ്ക്കുന്നു.

നിരണത്തു നിന്നും തെള്ളിയൂരെക്കും അവിടെ നിന്നും വെച്ചൂച്ചിറയിലേക്കും കുടിയേറി പാർത്ത ഒരു പാരമ്പര്യ ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടു എങ്കിലും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയാതെ പാപത്തിലേക്ക്

തിരിയുവാനുള്ള എല്ലാ സാഹചര്യങ്ങളും എന്റെ ജീവിതത്തിൽ തന്നെ ഉണ്ടായിരുന്നു. പിതാവിന്റെയും, സഹോദരന്മാരുടെയും അമിതമായ മദ്യപാന സ്വഭാവം എന്നിലേക്കും പകരപ്പെടുവാൻ ഇടയായി. ഹൈസ്കൂൾ വിദ്യാഭ്യാസ കാലം മുതൽ തന്നെ ഞാനും മദ്യപാനം തുടങ്ങി. ദിവസങ്ങൾ ആഴ്ചകളും, ആഴ്ചകൾ മാസങ്ങളും, മാസങ്ങൾ വർഷങ്ങളുമായി കഴിഞ്ഞപ്പോൾ ഞാൻ ആർക്കും നിയന്ത്രിക്കുവാൻ കഴിയാത്ത ഒരു മദ്യപാനിയായിത്തീർന്നു. എന്റെ കുടുംബത്തിന്റെ സ്വാധീനശക്തി എന്നെ ഒരു തികഞ്ഞ ഭീകരനാക്കിത്തീർത്തു.

ഇരുപത്തിനാലു (24) വയസിനുള്ളിൽ 22-ൽ പരം കേസുകളിൽ പ്രതിയായി. വീടിനും നാടിനും ഞാൻ ഒരു തലവേദനയും പേടിസ്വപ്നമായും തീർന്നു. എന്റെ അമിതമായ മദ്യപാന സ്വഭാവം മാററുവാൻ അനേക ദേവാലയങ്ങൾ കയറി ഇറങ്ങി, നോമ്പുകൾ നോററു. നേർച്ചകാഴ്ചകൾ കഴിച്ചു. കുളത്തിൽ കുളിപ്പിച്ചു. നിലവിളക്കിലെ എണ്ണ തേപ്പിച്ചു, പലതരം നേർച്ചകൾ നടത്തി. ഇതിനൊന്നും എന്റെ മദ്യപാന സ്വഭാവത്തിന് മോചനം കിട്ടാതെ വന്നപ്പോൾ എന്റെ മാതാപിതാക്കൾ എന്നെ 'കോട്ടയം മെഡിക്കൽ സെൻട്രലിൽ' കൊണ്ടുപോയി മദ്യപാന നിരോധന കുത്തിവെപ്പിന് വിധേയനാക്കി. മെഡിക്കൽ സയൻസിനും മദ്യപാന സ്വഭാവത്തെ മാററുവൻ കഴിഞ്ഞില്ല. അപ്പോഴേക്കും കേസ്സുകളുടെ എണ്ണപ്പെരുപ്പത്താൽ ഇന്ത്യ വിട്ടു പുറത്തുപോകാതിരിക്കുവാൻ സർക്കാർ എന്റെ പാസ്പോർട്ട് തിരികെ വാങ്ങി. ഞാൻ ഒരു ക്രിമിനൽ നോട്ടപ്പുള്ളിയായി മാററപ്പെട്ടു.

ജീവിതത്തിൽ നിരാശിതനായിത്തീർന്ന ഞാൻ എങ്ങനെയും മരിക്കുവാൻ ആഗ്രഹിച്ചു. ഒരു ദിവസം പത്തനംതിട്ടയിൽ നിന്നും ഭവനത്തിലേക്ക് പോരുമ്പോൾ മൂന്നു കുപ്പി ടിക്-20 കൂടി വാങ്ങി കൊണ്ടു വരികയും, വീട്ടിൽ വന്ന് അതു് കുടിക്കയും ചെയ്തു. ബോധ രഹിതനായ എന്നെ വീട്ടുകാർ ഹോസ്പിററലിൽ അഡ്മിററു ചെയ്തു. ദീർഘദിവസങ്ങൾ മരണത്തോടു മല്ലടിച്ചു കിടന്നു. എന്നാൽ മരണത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. കേസ്സുകളുടെ പെരുപ്പവും, സാമ്പത്തിക ബുദ്ധിമുട്ടും, അപമാനഭാരവും എന്നെ നാടുവിട്ടുപോകുവാൻ പ്രേരിപ്പിച്ചു. അങ്ങനെ ഞാൻ മദ്ധ്യപ്രദേശിലുള്ള ഭോപ്പാൽ എന്ന സ്ഥലത്തു് ഏകദേശം മൂന്നു വർഷം കമ്പനി ജോലികൾ ചെയ്തു ജീവിച്ചു. ലഭിക്കുന്ന പണം മുഴുവൻ അവിടെയും മദ്യപാനത്തിനായി ചിലവഴിച്ചു. 1984-ൽ നാട്ടിലേക്ക് മടങ്ങി വന്നു. സാഹചര്യങ്ങൾ എന്നെ പിന്നെയും മദ്യപാനത്തിലേക്ക് വലിച്ചിഴച്ചു. ഈ കാലത്തു് വെച്ചൂച്ചിറ സിനിമാ തീയേററിൽ കയറി വഴക്കുണ്ടാക്കുകയും അവിടെവച്ച് മാരകമായ രണ്ടു മുറിവുകൾ ഉണ്ടായി. ആശുപത്രിയിൽ അഡ്മിററു ചെയ്തു. ഞാൻ ഈ അതിക്രമങ്ങൾ ചെയ്യുമ്പോൾ ഒക്കെയും ഒരു കുററബോധം എന്നെ ഭരിച്ചിരുന്നു. ഈ മദ്യപാന സ്വഭാവം ഒന്നു മാററണം എന്ന് വളരെ ആഗ്രഹിച്ചിരുന്നു എങ്കിലും മദ്യപിക്കാതെ ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് മാററപ്പെട്ടിരുന്നു. എന്നാൽ ഈ രോഗകിടക്ക എൻെറ വഴിത്തിരിവിന് ഒരു മുഖാന്തിരമായി. വെച്ചൂച്ചിറ ദൈവസഭയിലെ ചില ദൈവദാസന്മാർ നിരന്തരമായി എന്നെ സന്ദർശിച്ചു. ഏതു പാപിയേയും രൂപാന്തരപ്പെടുത്തുന്ന, നര ഭോജിയെ നരസ്നേഹിയാക്കി മാറുന്ന യേശുക്രിസ്തുവിൻെറ നിസ്തുല്ല്യ സ്നേഹത്തെക്കുറിച്ചും രക്ഷയുടെ ആവശ്യത്തെക്കുറിച്ചും എന്നോട് സംസാരിച്ചുകൊണ്ടിരുന്നു. ഇതെല്ലാം കേൾക്കുന്നു എങ്കിലും ചിലരോടുള്ള പ്രതികാര വാഞ്ഛ എന്നെ പിൻതിരിപ്പിച്ചുകൊണ്ടിരുന്നു. സുഖം പ്രാപിച്ച് ഭവനത്തിൽ വന്ന എന്നെ തേടി വീണ്ടും ഈ ദൈവമക്കൾ കടന്നുവന്ന് കനകപ്പലം ദൈവസഭയിൽ എന്നെകൊണ്ടുപോയി. അന്നു പകലത്തെ ദൈവവചന ശുശ്രൂഷയിലെ ഒരോവചനവും എൻെറ ഹൃദയത്തിൽ തീയമ്പു പോലെ തറച്ചു. എൻെറ പാപം എത്ര കടും ചുമപ്പ് ആണെന്നു് എനിക്ക് ബോധ്യം വന്നു. ഞാൻ ഉറക്കെ നിലവിളിക്കുവാൻ തുടങ്ങി. ദൈവദാസൻ ഇങ്ങനെ പറഞ്ഞ് എൻെറ തലയിൽ കൈവച്ച് 'മകനെ നിൻെറ പാപം എത്ര കടും ചുമപ്പ് ആയിരുന്നാലും അതിനെ ഹിമംപോലെ വെളുപ്പിക്കും; അതു രക്താംബരംപ്പോലെ ചുമന്നു് ഇരുന്നാലും പഞ്ഞിപോലെ വെളിപ്പിക്കുവാൻ കാൽവറിയിൽ നമുക്ക് വേണ്ടി

അറുക്കപ്പെട്ടകുഞ്ഞാടിന്റെ രക്തംമതിയായതു തന്നെ'. വിറയ്ക്കുന്ന അധരങ്ങളോടെ തുടിക്കുന്ന ഹൃദയത്തോടെ തേങ്ങുന്ന മനസ്സുമായി ഞാൻ എഴുന്നേററുനിന്നു. നിലവിളിച്ചുകൊണ്ടിരുന്ന ജനമദ്ധ്യേ ഞാൻ എന്റെ പാപങ്ങളാം ഏററുപറഞ്ഞു. യേശുവിനെ എന്റെ രക്ഷകനായി സ്വീകരിച്ചു. അനേക ഇടങ്ങളിൽ പോയിട്ട് മാറാത്ത എന്റെ മദ്യപാനം ആ ദൈവദാസൻ പ്രാർത്ഥിച്ച് ഒരു ഗ്ലാസ് പച്ച വെള്ളം തന്നു. കഴിഞ്ഞ 7 വർഷങ്ങളായി ഈ പാപസ്വഭാവം വിട്ടുമാറി. യേശുവിനെ സ്നേഹിപ്പാൻ എനിക്കു സാധിച്ചു. 1984 സെപ്റ്റംബർ 24-ാം തീയതി ഞാൻ സ്നാനപ്പെട്ട് യേശുവിനോട് ചേരുവാൻ ഇടയായി.

എന്റെ നഷ്ടപ്പെട്ട സമാധാനം കർത്താവ് മടക[illegible]ന്നു. നിലവിൽ ഉണ്ടായിരുന്ന കേസ്സുകളും എല്ലാം കോടതി വെറുതെ വിട്ടു. ഭൗതികം മടക്കി ലഭിച്ചു. മാന്യത തിരികെ ലഭിച്ചു. ഞാൻ ഒരു സാധാരണ വിശ്വാസിയായി മുമ്പോട്ടു പോയി. ഇങ്ങനെ 4 വർഷങ്ങളും കഴിഞ്ഞു. 1988 മാർച്ച് 15-ാം രാത്രി എന്റെ അപ്പൻഡിക്സ് പഴുത്ത് പൊട്ടി ഗുരുതരമായ അവസ്ഥയിൽ റാന്നി മേനാംതോട്ടം ഹോസ്പിറ്റലിൽ അഡ്മിററു ചെയ്തു. ഒരു മേജർ ഓപ്പറേഷനു വിധേയനാക്കി. 5 ദിവസം കഴിഞ്ഞപ്പോൾ എന്റെ ശരീരം മുഴുവൻ നീരുവച്ച് ഓപ്പറേഷൻ പഴുത്ത് വീത്ത് കുത്തിക്കെട്ടുകൾ പൊട്ടി വയററ് ക്രമേണ അകന്ന് ദുർഗന്ധം വമിക്കുവാൻ തുടങ്ങി. വീണ്ടും വലിയ ട്യൂബുകൾ ഇട്ട് വയററ് അടപ്പിച്ചു കെട്ടിയെങ്കിലും പഴുപ്പ് ഡിഷുകണക്കിന് എടുത്തുകൊണ്ടിരുന്നു. 22 ദിവസം ബോധം ഇല്ലാത്തവനായി മരണത്തിനുവേണ്ടി വിധിക്കപ്പെട്ടവനായി കിടന്നു. 22-ാം മത്തെ ദിവസം നിശ്ചലമായി ശരീരം മരിച്ചു, എന്നു കരുതിയ പ്രിയപ്പെട്ടവർ മുറവിളിയിട്ട് നിലവിളിക്കുകയും മരണാനന്തര ക്രിയകൾ ചെയ്യുവാൻ തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ എന്റെ വീണ്ടെടുപ്പുകാരനായ യേശുവിന്റെ ആണിപ്പഴുതുള്ള കരങ്ങൾ എന്നെ തലോടി! ഞാൻ കണ്ണുകൾ തുറന്നു. കരഞ്ഞുവിലപിക്കുന്ന പ്രിയപ്പെട്ടവരെ കണ്ടു. ഇങ്ങനെ കർത്താവിനോട് പ്രാർത്ഥിച്ചു. മരിച്ചു നാററം വച്ച് നാലുനാൾ കഴിഞ്ഞ ലാസറിനെ ഉയർപ്പിച്ച യേശുവേ എന്നെ നീ സൗഖ്യമാക്കിയാൽ എന്റെ സകല ഭൗതിക നന്മകളും വെടിഞ്ഞ് നിന്റെ വേലക്കായി പൊയ്ക്കൊള്ളാം എന്ന് എന്നെത്തന്നെ സമർപ്പിച്ചു. യേശു എന്നെ സൗഖ്യമാക്കി.

പാപിയായിരുന്ന രോഗിയായിരുന്ന എന്റെ പ[illegible]ം പോകുവാൻ, രോഗം സൗഖ്യമാകുവാൻ മതിയായ പരിശുദ്ധനായ ദൈവത്തെ സ്തുതിക്കുന്നു. എന്നെത്തന്നെ പൂർണ്ണമായി കർത്താവിനായി വേർതിരിച്ചിരിക്കുന്നു. ഇപ്പോൾ മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളജിൽ മൂന്നാം വർഷ വിദ്യാർത്ഥിയായി പഠിക്കുന്നു. ഈ പഠനം എനിക്കു വലിയ അനുഗ്രഹത്തിനു കാരണമായി തീർന്നു. പഠനത്തോടു ചേർന്ന് ചക്കുളം എന്ന സ്ഥലത്ത് ദൈവസഭയുടെ ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുന്നു. എനിക്കുവേണ്ടി എല്ലാ മാസികാ മിത്രങ്ങളും പ്രാർത്ഥിക്കണമേ.

MGM Ministries-Article Source: Suvisesha Nadam - August 1991, Vol. 15, No.3, Page 11, 12